# വൈഗ 2017 അന്തർദ്ദേശീയ പ്രദർശനവും ശില്പശാലയും തൃശ്ശൂരിൽ

തിരുവനന്തപുരം: കാർഷികോത്പന്ന സംസ്കരണം – മൂല്യവർദ്ധനവ് ആസ്പദമാക്കി കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന രണ്ടാമത് അന്തർദ്ദേശീയ പ്രദർശനവും ശില്പശാലയും 'വൈഗ 2017' തൃശ്ശൂരിൽ നടക്കും. ഡിസംബർ 27 മുതൽ 31 വരെയാണ് വൈഗ 2017 സംഘടിപ്പിച്ചിരിക്കുന്നത്. സംസ്ഥാന കൃഷിവകുപ്പ്, കേരളകാർഷിക സർവ്വകലാശാല, സമേതി എന്നിവർ സംയുക്തമായാണ് ശില്പശാല സംഘടിപ്പിക്കുന്നത്.

സിംഗപ്പൂർ, തായ്‌ലന്റ്, ശ്രീലങ്ക, ഇന്തോനേഷ്യ, ജക്കാർത്ത തുടങ്ങി ഇരുപതോളം രാജ്യങ്ങളിൽ നിന്നുള്ള ഗവേഷകർ, പ്രതിനിധികൾ, കർഷകർ എന്നിവർ ശില്പശാലയുടെ ഭാഗമാകും. സാങ്കേതിക വിദ്യാദാതാക്കളായി രാജ്യത്തിനകത്തുനിന്നും പല ഗവേഷണ സ്ഥാപനങ്ങളും ഇതിൽ പങ്കുചേരും. മാരികോ ലിമിറ്റഡ്, നിഫ്റ്റെം, അപെഡാ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംഗ് ടെക്നോളജി തഞ്ചാവൂർ, കോക്കനട്ട് ബോർഡ്, സി പി സി ആർ ഐ, തമിഴ്നാട് ഗ്രോവേർഡ് ഫെഡറേഷൻ, ഐ സി എ ആർ തുടങ്ങി ഭക്ഷ്യസംസ്കരണ മേഖലയിലെ സർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ, കർഷകസംഘടനകൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവയും ശില്പശാലയുടെ ഭാഗമാകും.

ശില്പശാലയുടെ മറ്റൊരു പ്രധാന ആകർഷകം യുവകർഷകസംഗമമാണ്. കാർഷിക ഉത്പന്ന സംസ്കരണ രംഗത്തു കടന്നുവരാനാഗ്രഹിക്കുന്ന കർഷകർക്കും യുവാക്കൾക്കും ഇതൊരു സുവർണ്ണാവസരമാകും. ശില്പശാലയുടെ ഉദ്ഘാടനം 27ന് രാവിലെ 10 മണിക്ക് ഗവർണർ റിട്ട. ജസ്റ്റിസ് പി സദാശിവം നിർവ്വഹിക്കും. കൃഷിമന്ത്രി അഡ്വ. വി എസ് സുനിൽ കുമാർ, മറ്റുമന്ത്രിമാർ ജനപ്രതിനിധികൾ എന്നിവർ ശില്പശാലയുടെ ഭാഗമാകും.

Janayugom 21.12.17